രാമ രാമാഖിലാധാര പ്രഭാവം ന വിദാമ തേ
മൂഢാനാം ന: കുബുദ്ധീനാം ക്ഷന്തുമർഹസ്യതിക്രമം **(10–68–44**
ത്വമേവ മൂർദ്ധ്നീദമനന്ത ലീലയാ
ഭൂമണ്ഡലം ബിഭർഷി സഹസ്രമൂർദ്ധൻ
അന്തേ ച യ: സ്വാത്മനി രുദ്ധവിശ്വ:
ശേഷേ $f$ദ്വിതീയ: പരിശിഷ്യമാണ: **(10–68–46)**
നമസ്തേ സർവ്വ ഭൂതാത്മൻ സർവ്വശക്തി ധരാവ്യയ
വിശ്വകർമ്മൻ നമസ്തേ$f$സ്തു ത്വാം വയം ശരണം ഗതാ: **(10–68–48)**

*ശുകമുനി തുടർന്നു:*
ജാംബവതിയിലുണ്ടായ കൃഷ്ണപുത്രൻ സാംബൻ ദുര്യോധനൻെറ പുത്രി ലക്ഷ്മണയെ സ്വയംവരപ്പന്തലിൽ നിന്നും തട്ടിക്കൊണ്ടുപോയി. കൗരവൻമാർ സാംബനെ പിന്തുടർന്നു. അവനുനേരെ അസഭ്യം ചൊരിഞ്ഞു കൊണ്ട് ദുര്യോധനടക്കം ആറു യുദ്ധവീരൻമാർ സാംബനു നേരെ അസ്ത്രപ്രയോഗം തുടങ്ങി. കൃഷ്ണപുത്രനായ സാംബൻ ക്രുദ്ധനായി. ഒരാളെ ആക്രമിക്കാൻ ഇത്രയും പേർ വരുന്നത് ധർമ്മയുദ്ധത്തിനു നിരക്കുന്നതല്ല. ഒറ്റയ്ക്ക് ആറു പേരുടെ നേർക്കും സാംബൻ തുരുതുരെ അസ്ത്രങ്ങൾ അയച്ചു. അവരുടെ തേരുകളും കുതിരകളും അവരുമെല്ലാം സാംബൻെറ അസ്ത്രങ്ങൾക്കിരയായി. എന്നാൽ അവർ എണ്ണത്തിൽ കുറെയേറെയുണ്ടായിരുന്നതുകൊണ്ട് സാംബൻ പരാജയപ്പെട്ടു. സാംബനെ ബന്ധനസ്ഥനാക്കി കൗരവർ ഹസ്തിനപുരത്തേക്ക് കൊണ്ടുപോയി.

കൃഷ്ണപുത്രനോടു ചെയ്ത കടുംകയ്യിനെപ്പറ്റി നാരദനിൽനിന്നും യാദവർ അറിഞ്ഞു. ഉഗ്രസേനൻെറ ആജ്ഞപ്രകാരം ഹസ്തിനപുരത്തെ ആക്രമിക്കാൻ അവർ തയ്യാറെടുത്തു. എന്നാൽ ബലരാമൻ അവരെ തടഞ്ഞു. കാരണം ഇത്തരമൊരു ചെറിയ കാര്യത്തിന് യുദ്ധം നടത്തുന്നത് ഉചിതമല്ലെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. താൻ സ്വയം ഹസ്തിനപുരത്തു പോയി കൗരവരുടെ അടുക്കൽ നിന്നും സാംബനെ മോചിപ്പിച്ചു കൊണ്ടു വരാമെന്ന് ബലരാമൻ പറഞ്ഞു.

ഹസ്തിനപുരത്തിൻെറ പ്രാന്തപ്രദേശത്തെത്തിയപ്പോൾ ബലരാമൻ ഉദ്ധവൻെറ പക്കൽ ഒരു സന്ദേശം കൊടുത്തയച്ചു. ബലരാമൻ സന്ദർശനത്തിനെത്തിയതറിഞ്ഞ് കൗരവർ ഏറെ സന്തോഷിച്ചുവെങ്കിലും എന്തിനാണു വന്നിട്ടുള്ളതെന്നറിഞ്ഞ് അസന്തുഷ്ടരായി. തങ്ങളുടെ ശക്തിയിലും അധികാരഗർവ്വിലും വിവേകം നഷ്ടപ്പെട്ട അവർ യാദവരെ നിന്ദിച്ച് ഒരു ദൂതു കൊടുത്തയച്ചു. "അവർ ഒരു രാജ്യം ഭരിക്കുന്നതിൻെറ സൗഭാഗ്യമനുഭവിക്കുന്നത് ഞങ്ങളുടെ ഔദാര്യം കൊണ്ടു മാത്രമാണ്. വെറും പാദരക്ഷകളാണ് ഞങ്ങൾക്കവർ. എന്നിട്ട് ഞങ്ങളുടെ കിരീടമാവാനാണാഗ്രഹം. ഞങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന് പറഞ്ഞുതരാൻ അവർക്കെത്ര ഔദ്ധത്യമാണെന്നു നോക്കൂ!"

ബലരാമൻ ക്രുദ്ധനായി. "ഞാൻ എല്ലാവരെയും നശിപ്പിക്കാൻ പോവുന്നു" എന്നലറിക്കൊണ്ട് തൻെറ ദിവ്യാസ്ത്രമായ കലപ്പയുമേന്തി ഹസ്തിനപുരത്തെ ആകെ ഉഴുതുമറിക്കാൻ തുടങ്ങി. നഗരം ബലരാമൻെറ കലപ്പയിലുയർന്നു. ബലരാമൻ ഗംഗാതീരത്തേക്ക് നഗരത്തെ വലിച്ചിഴക്കാൻ തുടങ്ങി. നഗരവാസികളും നഗരത്തോടൊപ്പം വിറച്ചു. കൗരവർ കീഴടങ്ങി. അവർ സാംബനെയും ലക്ഷ്മണയെയും ബലരാമനു മുന്നിൽക്കൊണ്ടു വന്നു. "ഞങ്ങൾക്ക് മാപ്പു നൽകിയാലും. അവിടുത്തെ ശരിയായ മഹത്വം ഞങ്ങൾ മറന്നു പോയി. അവിടുന്ന് ഭൂമിയെ താങ്ങി നിർത്തുന്നു. അവസാനം വിശ്വപ്രളയത്തിനുശേഷം അവശേഷിക്കുന്നത് അവിടുന്നു മാത്രം. സകല ജീവജാലങ്ങളുടെയും ആത്മസത്തയും സർവ്വശക്തിമാനുമായ അവിടേക്ക് നമസ്കാരം ഞങ്ങൾ അങ്ങയെ അഭയം പ്രാപിക്കുന്നു." ദുര്യോധനൻ തൻെറ മകളെ മാത്രമല്ലാ കുറെയേറെ സമ്പത്തും ദമ്പതികൾക്ക് നൽകി. ബലരാമൻ ദ്വാരകയിലേക്ക് മടങ്ങി സംഭവങ്ങളെല്ലാം വിവരിച്ചു. ഇന്നും ഹസ്തിനപുരം ഗംഗാനദിയിലേക്ക് ചെരിഞ്ഞാണ് നിലകൊള്ളുന്നത്.